അതൊന്നും അവരെ ബാധിക്കുകയില്ല. അവർ ഇതൊന്നും അറിഞ്ഞിരുന്നില്ലെന്നുതന്നെ തോന്നി. തന്റെ പത്നിയുടെ ഈ സവിശേഷ സ്വഭാവം മനസ്സിലാക്കുക മാത്രമല്ല, അതിനെ അങ്ങേയററം ആദരിക്കുകകൂടി ചെയ്തിരുന്നു വി. എം. നായർ. ബാലാമണിയമ്മയുടെ അനന്യാദൃശമായ കവിത്വസിദ്ധിക്കു നൽകപ്പെടേണ്ട വിലയാണ് അവരുടെ ഈ സ്വഭാവസവിശേഷതയെന്ന് അദ്ദേഹം നല്ലപോലെ അറിഞ്ഞു. 'കുട്ടി'യെ (ബാലാമണിയമ്മയെ അദ്ദേഹം അങ്ങനെയാണു വിളിക്കാറ്.) എല്ലാത്തരം അല്ലലുകളിൽനിന്നും ആശങ്കകളിൽനിന്നും അകററിനിർത്തി, അവരുടേതു മാത്രമായ ആ ആശയലോകത്തിൽ സ്വച്ഛന്ദം വിഹരിക്കാൻ വിടുന്നതിലേറെ കാമ്യമായ എന്തെങ്കിലുമൊന്ന് തന്റെ ജീവിതംകൊണ്ടു നേടാനുണ്ടെന്ന് അദ്ദേഹം കരുതിയിരുന്നില്ലെന്നു തോന്നി.

വി. എം. നായരുടെ രോഗശയ്യയിലിരിക്കുന്ന ബാലാമണിയമ്മയെ ഞാൻ കണ്ടു. മകരം സുലോചന അടക്കിയ സ്വരത്തിൽ അവർക്ക് എന്തോ വായിച്ചുകൊടുക്കുകയായിരുന്നു. വി. എം. നായരുടെ ഗതപ്രാണമായ ശരീരത്തിനടുത്ത് മറെറാരു മുറിയിൽ നിശ്ശബ്ദയായി കിടന്നിരുന്ന ബാലാമണിയമ്മയെയും ഞാൻ കണ്ടു വി. എം. നായരെപ്പററി ഈ വാക്കുകൾ കുറിക്കുമ്പോൾ എന്റെ ഹൃദയം ബാലാമണിയമ്മയെപ്പററിയുള്ള അനേകമനേകം സ്മരണകളാൽ നിറഞ്ഞുനില്ക്കുകയാണ്. ഏതു ദുഃഖത്തെയും സ്വാഗതം ചെയ്യുന്നതിനു കരുത്തുള്ള ഇരുത്തംവന്ന ദാർശനികബോധം ബാലാമണിയമ്മയ്ക്കുണ്ട്. പക്ഷേ, ആ സ്ഥിതപ്രജ്ഞത നേടാനാകാത്ത എന്നെപ്പോലുള്ളവർ അവരെയോർത്ത്, അവരുടെ ഗംഭീരമൂകമായ ദുഃഖത്തെയോർത്ത് വ്യാകുലരാകാകാതിരിക്കുന്നതെങ്ങനെ?

# 80. പ്രതിവാദി ഭയങ്കര വെങ്കിടാചാര്യ

1978 ജൂൺ 8—ാം തീയതിയിലെ ഹിന്ദുപത്രത്തിൽ കാക്കിനാഡയിലെ ലേഖകൻ അയച്ച, താഴെ ചേർക്കുന്ന ചരമവാർത്ത പ്രസിദ്ധപ്പെടുത്തിയിരുന്നു.

'ഭയങ്കരാചാരി എന്നുകൂടി വിളിക്കപ്പെട്ടിരുന്ന പ്രതിവാദി ഭയങ്കര വെങ്കിടാചാര്യ (69 വയസ്സ്) ഇവിടത്തെ ഗവണ്മെൻറ് ജനറൽ ആസ്പത്രിയിൽവെച്ച ദീർഘകാലരോഗത്തെ തുടർന്ന് കഴിഞ്ഞ തിങ്കളാഴ്ച (ജൂൺ 5) അന്തരിച്ചു. അദ്ദേഹമൊരു പഴയ കോൺഗ്രസ്സുകാരനും സ്വാതന്ത്ര്യ യോദ്ധാവുമായിരുന്നു. കാക്കിനാഡ ബോംബ് കേസ്സിൽ അദ്ദേഹത്തിനു ജീവപര്യന്തം തടവുശിക്ഷ വിധിച്ചിരുന്നു. ആൻഡമാൻ ദ്വീപിൽ അഞ്ചു വർഷത്തെ ജയിൽവാസത്തിനു ശേഷം അന്നത്തെ സംയുക്ത മദ്രാസ് സ്റ്റേററിൽ മുഖ്യമന്ത്രിയായിരുന്ന സി. രാജഗോപാലാചാരി അദ്ദേഹത്തെ വിട്ടയയ്ക്കുകയുണ്ടായി. ഉപ്പുസത്യാഗ്രഹത്തിൽ അദ്ദേഹം പ്രമുഖമായ പങ്കു വഹിച്ചു. അദ്ദേഹത്തിന് ഒരു താമ്രപത്രം നൽകപ്പെട്ടിരുന്നു. കുറെ കാലത്തേക്ക് അദ്ദേഹം ഇന്ത്യാ ഗവണ്മെൻറിന്റെ ഫീൽഡ് പബ്ളിസിററി ആഫീസ്സറായി ജോലി ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ രണ്ടു പുത്രന്മാരും ഒരു പുത്രിയും ജീവിച്ചിരിക്കുന്നു.'

കേരളത്തിൽ എത്രപേർ ഈ വാർത്ത ശ്രദ്ധിച്ചിട്ടുണ്ടാവുമെന്ന് അറിഞ്ഞുകൂടാ. എന്നാൽ, എന്റെ ജീവിതവുമായി ഭയങ്കരാചാര്യ ഒരു കാലത്ത് കുറെയൊക്കെ ബന്ധപ്പെട്ടിരുന്നു. ആ സുഹൃത്തിന് അന്തിമാഭിവാദ്യങ്ങൾ അർപ്പിക്കാൻ ഞാൻ കടപ്പെട്ടവനാണ്.

1930–കളിൽ മദ്രാസിൽനിന്ന് 'സൺഡേ ടൈംസ്' എന്ന ഒരു ഇംഗ്ലീഷ് വാരിക പ്രസിദ്ധം ചെയ്തിരുന്നു. ഇവരുടെ വകയായി ചില പുസ്തകങ്ങളും പ്രസിദ്ധപ്പെടുത്താറുണ്ട്. അക്കൂട്ടത്തിലൊന്നായിരുന്നു 1937–ലോ 38–ലോ പുറത്തു വന്ന 'ക്രെയ്ക്കിന്റെ സ്വർഗം' (Craiks Paradise). അത്രയൊന്നും മെച്ചമല്ലാത്ത ഇംഗ്ലീഷിലെഴുതപ്പെട്ടിരുന്ന ഈ പുസ്തകം ബഹുജനശ്രദ്ധയാകർഷിക്കുവാൻ ഒന്നിലേറെ കാരണങ്ങളുണ്ടായിരുന്നു. ഒന്നാമത്ത് ജീവപര്യന്തം തടവുശിക്ഷയ്ക്കു വിധിക്കപ്പെട്ട് ആൻഡമാൻ ദ്വീപിലേക്ക് നാടുകടത്തപ്പെട്ടിരുന്ന (അന്ന് അതു നാടുകടത്തൽതന്നെയായിരുന്നു!) ഒരു രാഷ്ട്രീയക്കുററവാളി ആൻഡമാൻ ജയിലിലെ നരകജീവിതത്തെപ്പററി എഴുതിയ പുസ്തകമായിരുന്നു അത്. തീവ്രവാദികളായ രാഷ്ട്രീയക്കുററവാളികൾ നടത്തിയ ദീർഘമായ നിരാഹാരവ്രതത്തിൻ ഫലമായി ആൻഡമാൻ ദ്വീപ് അന്ന് ഇന്ത്യയിൽ പരക്കെ സംസാരവിഷയമായിരുന്നു. അവിടത്തെ ജയിലിലെ യാതനകളെപ്പററി കേന്ദ്ര നിയമസഭയിൽ നീണ്ട വാദപ്രതിവാദം നടന്നിരുന്നു. വൈസ്രോയിയുടെ എക്സിക്യൂട്ടീവ് കൗൺസിലിൽ മെംബറായിരുന്ന (ഇന്നത്തെ ഹോം മിനിസ്റ്ററുടെ സ്ഥാനം വഹിച്ചിരുന്ന) സർ ഹെൻറി ക്രെയ്ക്ക് എന്ന ബ്രിട്ടീഷുകാരൻ ആൻഡമാൻ ജയിൽ, തടവുകാരെ സംബന്ധിച്ചിടത്തോളം സ്വർഗംതന്നെയാണെന്നു പ്രസ്താവിച്ചത്, നിയമസഭയിൽ മാത്രമല്ല, രാജ്യത്തുടനീളം കടുത്ത പ്രതിഷേധം ഉയർത്തി. ക്രെയ്ക്കിന്റെ ആ സ്വർഗത്തെ ഒരു അനുഭവസ്ഥൻ വിവരിക്കുമ്പോൾ അതു വായിക്കാൻ ദേശീയവാദികളായ ഭാരതീയർക്കു മുഴുവൻ കൗതുകം ഉണ്ടാകാതിരിക്കുകയില്ലല്ലോ. രണ്ടാമതായി, രാജഗോപാലാചാരിയുടെ ചെറിയ ഒരു അവതാരിക ആ പുസ്തകത്തെ അലങ്കരിച്ചിരുന്നു. ഒരു രാഷ്ട്രീയക്കുററവാളിയുടെ പുസ്തകത്തിന് ഒരു മുഖ്യമന്ത്രി അവതാരികയെഴുതുകയെന്നത് അക്കാലത്തു സാധാരണമായിരുന്നില്ല. മൂന്നാമതായി, ആ പുസ്തകത്തെ ശ്രദ്ധേയമാക്കിയത്, 'പ്രതിവാദി ഭയങ്കര വെങ്കടാചാര്യ' എന്ന ഗ്രന്ഥകർത്താവിന്റെ പേർതന്നെയായിരുന്നു. അത്തരം പേരുള്ള ഒരാളെഴുതിയ ഒരു പുസ്തകം വായിക്കാൻ ആരാണ് ആഗ്രഹിക്കാതിരിക്കുക? അങ്ങനെ ഞാനും ആ പുസ്തകം വായിച്ചു. പുസ്തകത്തിലെ 'അദ്വിതീയ'മായ(Quaint) ഇംഗ്ലീഷിനെപ്പററി രാജാജി അവതാരികയിൽ എടുത്തുപറഞ്ഞിരുന്നു. പക്ഷേ, എന്നെസ്സംബന്ധിച്ചിടത്തോളം ഭാഷയല്ല, അതിലടങ്ങിയ വിഷയത്തിനായിരുന്നു പ്രാധാന്യം. നീണ്ടുനിന്ന നിരാഹാരവ്രതത്തിൻഫലമായി ഇന്ത്യൻ വൻകരയിലേക്കു മാററപ്പെട്ടതിനു ശേഷം, കോൺഗ്രസ് മന്ത്രിസഭയിൽ ജയിലിൽനിന്നു കാലാവധിക്കുമുമ്പു മോചിക്കപ്പെട്ടതിനെത്തുടർന്നാണ് ഭയങ്കരാചാര്യ ഈ പുസ്തകം എഴുതിയതും അത് 'സൺഡേ ടൈംസ്'കാർ പ്രസിദ്ധപ്പെടുത്തിയതും.

1942 ആഗസ്റ്റിലാരംഭിച്ച സ്വാതന്ത്ര്യസമരത്തിൽ ഞാനും പങ്കെടുക്കുകയുണ്ടായി. ഇക്കാലത്ത് രണ്ടു വർഷത്തോളം കോഴിക്കോട്ടായിരുന്നു എന്റെ പ്രവർത്തനകേന്ദ്രം. കോഴിക്കോട്ടുണ്ടായിരുന്ന എന്റെ സഹപ്രവർത്തകർ മിക്കവരും കീഴരിയൂർ ബോംബു കേസ്സിൽ ശിക്ഷിക്കപ്പെടുകയും, മഹാത്മാഗാന്ധിയുടെ ജയിൽമോചനത്തെ തുടർന്ന് സ്വാതന്ത്ര്യസമരം ആറിത്തണുക്കുകയും ചെയ്തപ്പോൾ, 1944 ജൂണിൽ തൃശ്ശൂർ ജില്ലയിലെ 'കൊടകര' എന്ന സ്ഥലത്ത് പുതുതായി ആരംഭിച്ച നാഷണൽ ഹൈസ്കൂളിൽ ഹിന്ദി അദ്ധ്യാപകന്റെ ജോലി ഞാൻ സ്വീകരിച്ചു. ഈ ജോലിയിലിരിക്കുമ്പോഴും രാഷ്ട്രീയപ്രവർത്തനങ്ങളുമായുള്ള എന്റെ ബന്ധം വിച്ഛേദിക്കപ്പെട്ടിരുന്നില്ല.

ശ്രീ ആർ. എം. മനയ്ക്കലാത്തിന്റെ ഒരു കത്തുമായി ഒരാൾ, 1944 ആഗസ്റ്റ് അവസാനത്തിലോ സെപ്റ്റംബർ ആദ്യത്തിലോ, എന്നെ കാണുവാൻ കൊടകരയിൽ വരുകയുണ്ടായി. ഭയങ്കരാചാര്യയായിരുന്നു അത്.

പോലീസിൻെറ പിടിയിൽ പെടാതെ ഒളിച്ചു നടക്കുകയായിരുന്നു അന്നു് അദ്ദേഹം. ക്രെയ്ക്കിൻെറ സ്വർഗം വായിച്ചിരുന്ന എനിക്കു്, പേരറിഞ്ഞപ്പോഠം ആളെപ്പററി മനസ്സിലാക്കുവാൻ പ്രയാസമുണ്ടായില്ല. കൊടകര ക്ഷേത്രത്തിൻെറ മുൻവശത്തുള്ള ഒരൊഴിഞ്ഞ മാളികയിലാണു് അന്നു ഞാൻ വേറെ രണ്ടു സ്നേഹിതന്മാരുമൊരുമിച്ചു പാർത്തിരുന്നതു്.

തെലുങ്കനായ ഒരു ഇൻഷുറൻസ് ഏജൻറ് എന്ന നിലയിലേ ഭയങ്കരാചാര്യയെ ഞാൻ മററു സുഹൃത്തുക്കഠംക്കു പരിചയപ്പെടുത്തിക്കൊടുത്തുള്ളു. അദ്ദേഹം വന്നു് ഏതാനും ദിവസങ്ങഠംക്കകം, മലബാറിലും കൊച്ചിയിലുമുള്ള ഏതാനും യുവ രാഷ്ട്രീയപ്രവർത്തകർ ഒരു ദിവസം രാത്രി എൻെറ താമസസ്ഥലത്തു് ഒന്നിച്ചുകൂടി. അത്തരം നിശാസമ്മേളനങ്ങഠം അവിടെ അക്കാലത്തു പതിവുണ്ടായിരുന്നതിനാൽ അയൽക്കാർക്കു് ആർക്കും അതിൽ അസാധാരണമായി ഒന്നും തോന്നിയില്ല.

ഈ യോഗത്തിൽ ഭയങ്കരാചാര്യ സംസാരിച്ചു: 'ഇന്ത്യയെ ഒററിക്കൊടുക്കരുതു്' (Don't Betray India) എന്ന പേരിൽ ഒരു രഹസ്യസംഘടന താൻ കെട്ടിപ്പടുത്തിട്ടുണ്ടു് എന്നു് അദ്ദേഹം പറഞ്ഞു. ഈ സംഘടനയുടെ വകയായി അതേ പേരിലുള്ള, ഇടക്കിടയ്ക്കു് പുറത്തുവരുന്ന ഒരു ചെറിയ പത്രമുണ്ടായിരുന്നു. ഇതിൻെറ ഏതാനും ലക്കങ്ങഠം അദ്ദേഹം ഞങ്ങഠംക്കു തന്നു. സംഘടനയിൽ രണ്ടുതരം അംഗങ്ങഠംക്കു സ്ഥാനമുണ്ടു്. ഒന്നാമതു്, ഇന്ത്യയിലെ ബ്രിട്ടീഷ് സർക്കാരിനെതിരായി ആയുധമെടുത്തു സമരം ചെയ്യുന്നവർ. രണ്ടാമതു്, ഈ സമരത്തിൽ സഹായിക്കുവാൻ സന്നദ്ധതയുള്ളവർ. ആദ്യത്തെ തരം അംഗങ്ങഠം പ്രാണൻ പണയംവെച്ചും പ്രവർത്തിക്കാൻ ബാധ്യതയുള്ളവരാണു്. രണ്ടാമത്തെ തരം അംഗങ്ങളിൽനിന്നു് അത്രയൊന്നും പ്രതീക്ഷിക്കുന്നില്ല. അവർ കൂട്ടുകാരെ ഒററിക്കൊടുക്കാതിരുന്നാൽ മതി. ഒററിക്കൊടുക്കുന്നവർക്കു് ഒരു ഭീകരസംഘടനയിൽനിന്നു ലഭിക്കുന്ന നിശ്ചിതമായ വധശിക്ഷയെക്കുറിച്ചു് ഊന്നിപ്പറയാൻ ഭയങ്കരാചാര്യ മറന്നില്ല. സംഘടനയെപ്പററിയുള്ള ഈ വിവരണത്തിനു ശേഷം, സംഘടനയിൽ ഞങ്ങഠം അംഗങ്ങളായി ചേരുന്നു എന്നും, അതിൻെറ പൂർണമായ ഉത്തരവാദിത്തം ഞങ്ങഠം ഏറെറടുക്കുന്നു എന്നും, ഒരിക്കലും ഞങ്ങഠം ഇന്ത്യയെ ഒററിക്കൊടുക്കുകയില്ലെന്നും, ഒററിക്കൊടുക്കുന്ന പക്ഷം അതിനുള്ള കടുത്ത ശിക്ഷയേല്ക്കുവാൻ ഞങ്ങഠം തയ്യാറാണെന്നും അർത്ഥം വരുന്ന ഒരു പ്രഖ്യാപനത്തിൽ ഒപ്പിട്ടുകൊടുക്കുവാൻ അദ്ദേഹം ഞങ്ങളോടാവശ്യപ്പെട്ടു. ഇംഗ്ലീഷിലുള്ള ഈ പ്രഖ്യാപനം അദ്ദേഹം നേരത്തേ തയ്യാറാക്കി അച്ചടിച്ചു കൊണ്ടുവന്നിരുന്നു. അവിടെ സന്നിഹിതരായിരുന്നവരെല്ലാം ഇതിൽ ഒപ്പിട്ടുകൊടുത്തു. ഒപ്പിട്ടതു് മഷികൊണ്ടായിരുന്നില്ല. സ്വന്തം ചോരകൊണ്ടായിരുന്നു എന്നു പ്രത്യേകം പറയേണ്ടതുണ്ടു്. ഭയങ്കരാചാര്യ ഞങ്ങളോരോരുത്തരുടേയും ഇടതുകൈയിൻെറ തള്ളവിരൽ പിടിച്ചു് അമർത്തി. തുടുത്ത വിരൽത്തുമ്പിൽ ഒരു സൂചികൊണ്ടു് തികഞ്ഞ വൈദഗ്ദ്ധ്യത്തോടെ കുത്തി; പൊടിഞ്ഞുവരുന്ന ചോര പഴയതരം സ്റ്റീൽപെന്നിൻെറ നിബ്ബിൽ നിറച്ചു. ഒരാഠം ഒപ്പിട്ട ശേഷം പേന കഴുകുകയും വീണ്ടും ഇതേ പ്രക്രിയ ആവർത്തിക്കുകയും ചെയ്തു. അർദ്ധരാത്രിയിൽ നടന്ന ഈ ഒപ്പിടൽ കർമം തീർച്ചയായും രോമാഞ്ചകരമായിരുന്നു.

ഒപ്പിട്ടതിനു ശേഷം ഭയങ്കരാചാര്യ തൻെറ പ്രവർത്തനപരിപാടി വിവരിച്ചു. രണ്ടാം മഹായുദ്ധം നടന്നുകൊണ്ടിരിക്കുന്ന കാലമായിരുന്നു അതു്. സിംഗപ്പൂർ അപ്പോഴും ജപ്പാൻെറ കൈവശമായിരുന്നു. സുഭാസ് ചന്ദ്രബോസിൻെറ നേതൃത്വത്തിലുള്ള ഇന്ത്യൻ ദേശീയസേന (ഐ. എൻ. എ.) ആസ്സാം അതിർത്തിയിൽ സമരം ചെയ്തുകൊണ്ടിരുന്നു. ഈ സേനയിൽ ചേർന്നു് ആയുധമെടുത്തു് ബ്രിട്ടനെതിരെ പൊരുതണമെന്നതായിരുന്നു ഭയങ്കരാചാര്യയുടെ ആഗ്രഹം. കരവഴി ബർമയിലേക്കു കടക്കാൻവേണ്ടി

അദ്ദേഹം പട്ടാളത്തിലെ ഉദ്യോഗസ്ഥന്റെ ഉടുപ്പുകളിട്ട് മണിപ്പൂർവരെ പോവുകയുണ്ടായി. എന്നാൽ, അവിടെനിന്ന് മുന്നോട്ട് പോകുവാൻ ഒരു തരത്തിലും സാധ്യമായിരുന്നില്ല. ഇപ്പോൾ ആന്ധ്രപ്രദേശത്തിന്റെ കടൽത്തീരത്തുനിന്ന് ബംഗാൾ ഉൾക്കടൽ മുറിച്ചു കടന്ന് ആൻഡമാൻ ദ്വീപിലെത്തുകയാണ് അദ്ദേഹത്തിന്റെ ലക്ഷ്യം. ഇതിനായി ഒരു ബോട്ട് വിശാഖപട്ടണത്തുനിന്നു എങ്ങനെയെങ്കിലും സമ്പാദിക്കാമെന്ന് അദ്ദേഹത്തിനുറപ്പുണ്ട്. ഈ ബോട്ട് ഓടിക്കാൻ വിശ്വസ്തനും വിദഗ്ദ്ധനുമായ ഒരു ഡ്രൈവറെ അദ്ദേഹത്തിനു വേണം. അങ്ങനെയൊരു ഡ്രൈവറെ ഞങ്ങൾ ഉണ്ടാക്കിക്കൊടുക്കണമെന്നതായിരുന്നു അദ്ദേഹത്തിന്റെ ഒന്നാമത്തെ ആവശ്യം.

ആൻഡമാൻ ദ്വീപ് അന്ന് നേതാജി സുഭാസ്ബോസിന്റെ നിയന്ത്രണത്തിലായിരുന്നു. അവിടെ അദ്ദേഹം ഒരു സ്വതന്ത്ര ഭാരത ഗവൺമെന്റ് ഉണ്ടാക്കുകയും ചെയ്തിരുന്നു. അവിടെ ചെന്നെത്തിയാൽത്തന്നെ, താൻ ബ്രിട്ടീഷ് ചാരനല്ലെന്നും, ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായി പ്രാണൻ ബലിയർപ്പിക്കാൻ സന്നദ്ധനായ ഒരു ദേശാഭിമാനിയാണെന്നും സുഭാസ് ചന്ദ്രബോസിനെയോ ജപ്പാനീസ് പട്ടാളാധികൃതരെയോ ഭയങ്കരാചാര്യ ബോധ്യപ്പെടുത്തേണ്ടതുണ്ട്. അതിനു സാധിക്കാത്തപക്ഷം, ഒരു ചാരന്റെ ദയനീയമായ മരണം അദ്ദേഹത്തിനു നേരിടുമെന്നതിൽ യാതൊരു സംശയവുമില്ല. നേതാജിക്ക് തന്റെ വിശ്വസ്തതയെ സംബന്ധിച്ചു പൂർണബോധ്യമുണ്ടാകുന്നതിനായി അദ്ദേഹത്തിനോ, അദ്ദേഹത്തിന്റെ അടുത്ത അനുയായികളിലാർക്കെങ്കിലുമോ വിശ്വാസ്യമായ ഒരു പരിചയപത്രം വാങ്ങിക്കൊണ്ടു പോവുകയായിരുന്നു ഭയങ്കരാചാര്യയുടെ രണ്ടാമത്തെ ആവശ്യം. ക്യാപ്റ്റൻ ലക്ഷ്മിയുടെ പേർ അപ്പോഴേക്ക് ഇന്ത്യയിലെങ്ങും പ്രസിദ്ധമായിക്കഴിഞ്ഞിരുന്നു. പൊന്നാനി താലൂക്കിൽ ആനക്കര വടക്കത്തു വീട്ടിലെ ഒരംഗമാണല്ലോ ശ്രീമതി ലക്ഷ്മി. ആ വീട്ടിൽ ഉള്ള ആരെങ്കിലും തന്നെ പരിചയപ്പെടുത്തുന്ന ഒരു കത്ത് ശ്രീമതി ലക്ഷ്മിക്കെഴുതിയാൽ അതു് തന്റെ ലക്ഷ്യസിദ്ധിക്കു മതിയാവുമെന്ന് ഭയങ്കരാചാര്യ കരുതി

കൊച്ചിയിലെ തൊഴിലാളികൾക്കിടയിൽ പ്രവർത്തിച്ചിരുന്ന ഒരു സുഹൃത്ത് പരിചയസമ്പന്നനായ ഒരു മോട്ടോർബോട്ട് ഡ്രൈവറെ നൽകാമെന്നേറ്റു. ഭയങ്കരാചാര്യ വിശാഖപട്ടണത്തു ചെന്ന് ബോട്ടു ശരിപ്പെടുത്തി വിവരം അറിയിച്ചാലുടൻ ഈ ഡ്രൈവർ അവിടെ എത്തിക്കൊള്ളും. ആനക്കര വടക്കത്തുവീട്ടിൽ ആരെക്കൊണ്ടെങ്കിലും ക്യാപ്റ്റൻ ലക്ഷ്മിക്ക് ഒരു കത്തെഴുതി വാങ്ങിക്കുന്ന ചുമതല നിക്ഷിപ്തമായതു് എന്നിലാണ്.

അങ്ങനെ ആ അർദ്ധരാത്രിയിലെ യോഗം അവസാനിച്ചു. കൂട്ടുകാർ ഓരോരുത്തരായി പിരിഞ്ഞുപോയി. അന്നത്തെ യോഗത്തിലെ തീരുമാനങ്ങളുടെ പകർപ്പും, ചോരയിൽ ഒപ്പുവെച്ച ഞങ്ങളുടെ പ്രതിജ്ഞാപത്രങ്ങളും സൂക്ഷിച്ചുവെക്കാനായി ശ്രീ ഭയങ്കരാചാര്യ എന്നെ ഏല്പിച്ചു. ഈ സംഭവം കഴിഞ്ഞു് ഏതാനും ആഴ്ചകൾക്കു ശേഷം ആ യോഗത്തിൽ പങ്കെടുത്തിരുന്ന ഒരു സുഹൃത്ത് അതിലെ തീരുമാനങ്ങൾ വേറെ ചില കേന്ദ്രങ്ങളിലെത്തിച്ചതായി എനിക്ക് സംശയിക്കാനിടയില്ലാത്ത തെളിവു കിട്ടി. ഇതിനെത്തുടർന്ന്, എന്റെ വാസസ്ഥലം പോലീസുകാർ പരിശോധിച്ചേക്കാമെന്നും, അന്നത്തെ യോഗത്തിൽ പങ്കെടുത്തവരെ മുഴുവൻ അറസ്റ്റ് ചെയ്തേക്കാമെന്നും ഭയപ്പെടേണ്ടതുണ്ടായിരുന്നു. അതിനാൽ ഈ കടലാസ്സുകളെല്ലാം ഒരു ടിന്നിലടച്ച് എന്റെ താമസസ്ഥലത്ത് ആഴത്തിൽ കുഴിച്ചിട്ടു. കുഴിയിൽ ഒരു വാഴ പറിച്ചു നടുകയും ചെയ്തു. ഇതിനകം ദ്രവിച്ചുപോയിട്ടില്ലെങ്കിൽ ആ 'ചരിത്ര' രേഖകൾ ഇപ്പോഴും അവിടെ കിടക്കുന്നുണ്ടാവണം.

പിറേറന്നുതന്നെ ഭയങ്കരാചാര്യയൊന്നിച്ച് ഞാൻ തീവണ്ടിയിൽ ആനക്കര വടക്കത്തു വീട്ടിലേക്കു പോയി. ക്യാപ്റ്റൻ ലക്ഷ്മിയുടെ അമ്മാ

മന്ത്രാരായിരുന്ന, റിട്ടയേർഡ് ഡിസ്ട്രിക്ട് ജഡ്ജി എ. വി. ഗോവിന്ദ മേനോൻ, റിട്ടയേർഡ് പ്രിൻസിപ്പാളും ഋഷിതുല്യനുമായ എ. വി. കുട്ടി കൃഷ്ണമേനോൻ, മററൊരു അമ്മാമന്റെ മകളായ ജി. സുശീല എന്നിവരുമായി അല്പപരിചയം എനിക്കുണ്ടായിരുന്നു. തീവണ്ടിയിൽ കുററിപ്പുറം സ്റ്റേഷനിലിറങ്ങിയാണ് ഞങ്ങൾ ആനക്കരെയ്ക്കു ചെന്നത്. ഭയങ്കരാചാര്യ ആവശ്യപ്പെട്ട തരത്തിലുള്ള ഒരു കത്തുമായി അന്നുതന്നെ ഞങ്ങൾ മടങ്ങുകയും ചെയ്തു.

തിരിച്ചുവരുമ്പോൾ ഷൊർണ്ണൂർ സ്റ്റേഷനിൽവെച്ച് ഒരു സംഭവമുണ്ടായി. പ്ലാററ്ഫോറത്തിൽ നിന്നിരുന്ന ഒരാൾ വണ്ടിയിൽ ഇരിക്കുന്ന ഭയങ്കരാചാര്യയെ വളരെ ശ്രദ്ധിച്ചു നോക്കുന്നതായി കാണപ്പെട്ടു. പോലീസുകാർ ഭയങ്കരാചാര്യയെ പിടികിട്ടേണ്ട ഒരു പുള്ളിയായി പ്രഖ്യാപിച്ചിരുന്നു. മദ്രാസ് സർവീസിലുള്ള ഒരു പോലീസുദ്യോഗസ്ഥനാണ് പ്ലാററ്ഫോറത്തിൽ നില്ക്കുന്ന ആളെന്നും, അയാൾ തന്നെ തിരിച്ചറിഞ്ഞതായി തോന്നുന്നുവെന്നും ഭയങ്കരാചാര്യ എന്നോടു പറഞ്ഞു. നിർഭാഗ്യത്തിനു തീവണ്ടി ഷൊർണ്ണൂർ സ്റ്റേഷൻ പ്ലാററ്ഫോറത്തിൽ വളരെ നേരം നില്ക്കുകയും ചെയ്തു. ഞങ്ങളുടെ ആശങ്ക ഉച്ചകോടിയിലെത്തിയ സമയത്ത് പ്ലാററ്ഫോറത്തിലെ ആ മനുഷ്യൻ എങ്ങോട്ടോ മാറി. ഞങ്ങൾ രണ്ടുപേരും ഉടനെ വണ്ടിയിൽ നിന്നിറങ്ങി, പ്ലാററ്ഫോറത്തിലൂടെ കിഴക്കോട്ടു നടന്നു. റെയിലിന്മേൽക്കൂടി കിഴക്കോട്ടുതന്നെ കുറെ പോയശേഷം ഇടത്തുവശത്തുള്ള പാടത്തേക്കും, അവിടെനിന്ന് ഒരിടവഴിയിലേക്കും കയറി അതിവേഗത്തിൽ ഗതി തുടർന്നു.

സന്ധ്യയായിക്കഴിഞ്ഞിരുന്നു. ആ പ്രദേശത്ത് എനിക്ക് ഒരു പരിചയവുമില്ല. ഭയങ്കരാചാര്യക്ക് അവിടെ പരിചയമുണ്ടാവാൻ സാധ്യതയുമില്ലല്ലോ. നടന്നു നടന്ന് ഞങ്ങളെത്തിയതു് ഷൊർണ്ണൂരിൽനിന്ന് ഒററപ്പാലത്തേക്കു പോകുന്ന റോഡിലാണ്. അതിൽ കയറിയപ്പോൾ, ഒററപ്പാലത്തേക്കു നടക്കണമോ, അതോ തിരികെ ഷൊർണ്ണൂർക്കുതന്നെ നടക്കണമോ എന്നായി സംശയം.

ഷൊർണ്ണൂരിൽ, നിരത്തുവക്കത്തുള്ള ഒരു ഇരുനിലക്കെട്ടിടത്തിന്റെ മുകളിലത്തെ മുറിയിൽ ശ്രീ എം. പി. ശങ്കുണ്ണിനായർ അന്നു പാർത്തിരുന്നു. ആഗസ്റ്റ് സമരകാലത്തുള്ള എന്റെ പര്യടനങ്ങളിൽ അദ്ദേഹത്തിന്റെ മുറി പലപ്പോഴും എനിക്കൊരു താവളമായിട്ടുണ്ട്. അവിടെ ചെന്നുപാറുകയും, പാതിരാത്രി ശേഷം എഴുന്നേററ് ഭയങ്കരാചാര്യയെ തീവണ്ടിയിൽ മദ്രാസിലേക്കയയ്ക്കുകയുമായിരിക്കും കൂടുതൽ സുരക്ഷിതം എന്ന് എനിക്കു തോന്നി. ഞങ്ങൾ അതനുസരിച്ച് ഷൊർണ്ണൂർക്കു നടന്നു. ശ്രീ ശങ്കുണ്ണിനായർ അദ്ദേഹത്തിന്റെ മുറിയിൽ നിലത്തു പായയിലിരുന്ന് വായിക്കുകയാണ്. എന്റെ വരവിൽ അസാധാരണമായി എന്തെങ്കിലുമുള്ളതായി അദ്ദേഹത്തിനു തോന്നിയില്ല. എന്റെ സുഹൃത്ത് ആരെന്ന് അദ്ദേഹം ചോദിച്ചതുമില്ല. ഒരു പായ് വാങ്ങി ഞങ്ങൾ മുറിയുടെ പുറത്ത് വരാന്തയിൽ കിടന്നു. കൃത്യസമയത്ത് ശ്രീ ശങ്കുണ്ണിനായരോടു യാത്ര പറയാതെ ഇറങ്ങി സ്റ്റേഷനിൽ വന്ന് ഭയങ്കരാചാര്യയെ മദ്രാസിലേക്കുള്ള വണ്ടിയിൽ കയററി അയയ്ക്കുകയും ചെയ്തു. എന്നിട്ട് ഞാൻ കൊടകരയിലേക്കു മടങ്ങിപ്പോയി.

ഭയങ്കരാചാര്യ ആ കത്ത് ഉപയോഗപ്പെടുത്തിയില്ല. കൊച്ചിയിൽ നിന്ന് എന്റെ സുഹൃത്ത് അയയ്ക്കാമെന്നു പറഞ്ഞിരുന്ന ഡ്രൈവറെയും അയച്ചുകൊടുക്കേണ്ടതായി വന്നില്ല. ഇരുന്നോ കട്ടോ ഒരു മോട്ടോർ ബോട്ട് കൈവശപ്പെടുത്താനുള്ള അദ്ദേഹത്തിന്റെ ശ്രമം ഫലിക്കാതെപോയി.

രണ്ടു മാസം കഴിയുംമുമ്പ് ഞാൻ കൊടകരയിൽനിന്നു മദ്രാസിലേക്കു പ്രവർത്തനരംഗം മാററി. മദ്രാസ് സർവകലാശാലയിൽ മലയാള വിഭാ

ഗത്തിൽ ഗവേഷണം നടത്തുന്നതിന് എനിക്കനുവാദം ലഭിച്ചു. മദിരാശിയിലെ രാഷ്ട്രീയപ്രവർത്തകരുടെ പല ഗ്രൂപ്പുകളുമായി ഞാൻ പരിചയപ്പെട്ടു. ഡോക്ടർ മിസ്സിസ് കൃഷ്ണാബായി നിംബ്കർ എന്ന മാന്യസ്ത്രീയുടെ, പൂനമല ഹൈറോഡിലുള്ള വീടായിരുന്നു ഇതിൽ പ്രധാനപ്പെട്ട ഒരു ഗ്രൂപ്പിൻെറ കേന്ദ്രം. അന്ന് ഒളിവിലായിരുന്ന മിസ്സിസ് അരുണ ആസഫ്അലി, അച്യുത് പട്വർദ്ധൻ, അശോക് മേത്ത എന്നിവരെ ഈ വീട്ടിൽവെച്ചു ഞാൻ കണ്ടിട്ടുണ്ട്. മാമ്പലത്തോ മറേറാ ഉള്ള ഒരു വീട്ടിൽ ചേർന്ന ഒരു രഹസ്യയോഗം ഇപ്പോഴും എൻെറ ഓർമയിലുണ്ട്. സ്റ്റെൻ ഗണ്ണുകളടക്കം വളരെ വലിയ ഒരായുധശേഖരം ഇവിടെ ഉണ്ടായിരുന്നു. ഇതെല്ലാം പോലീസ് സ്റ്റേഷനിൽ ഏല്പിക്കുവാനാണ് അരുണ ആസഫ് അലി ഉപദേശിച്ചത്. അന്നത്തെ നിലയിലതു് ശരിയുമായിരുന്നു. പ്രവർത്തകർ തമ്മിൽത്തമ്മിൽ പൊരുതി നശിക്കാനല്ലാതെ, ബ്രിട്ടീഷ് ഗവണ്മെൻറുമായി ഒരേററുമുട്ടലിന് ഈ ആയുധങ്ങരം ഉപയോഗിക്കപ്പെടുമെന്ന് കരുതുവാൻ പററിയതായിരുന്നില്ല അന്നത്തെ രാഷ്ട്രീയാന്തരീക്ഷം.

പറഞ്ഞുവന്നതു് ഭയങ്കരാചാര്യയെപ്പററിയാണല്ലോ. എഗ്മൂറിലുള്ള എൻെറ ലോഡ്ജിൽ ഭയങ്കരാചാര്യ എന്നെ അന്വേഷിച്ചുവന്നു. താൻ അപ്പോഴും ഒളിവിലാണെന്ന് അദ്ദേഹം എന്നോടു പറഞ്ഞു. പണം കൈയിലില്ലാതിരുന്നതിനാലാണ് സിംഗപ്പൂരിൽ പോകാനുള്ള അദ്ദേഹത്തിൻെറ പദ്ധതി പരാജയപ്പെട്ടതു്. ഇപ്പോരം പണമുണ്ടാക്കാനുള്ള ഒരു പരിപാടി തയ്യാറാക്കിയിട്ടുണ്ട്. മദ്രാസിലെ ഒരു ബാങ്ക് കൊള്ളയടിക്കാനാണ് ഉദ്ദേശ്യം. ആ കൃത്യത്തിന് ഞാനും കൂടണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. അത്തരമൊരു പ്രവൃത്തിക്കു വേണ്ട പരിശീലനമോ മനസ്സാന്നിദ്ധ്യമോ എനിക്കില്ലെന്നു പറഞ്ഞ് ഞാൻ ഒഴിഞ്ഞു. പക്ഷേ, ഭയങ്കരാചാര്യ വിട്ടില്ല. 'മറെറാന്നുമില്ലെങ്കിലും നിങ്ങരം വിശ്വസ്തനാണ്, ദേശഭക്തനുമാണ്. ഈ കാര്യത്തിൽ എന്നെ സഹായിക്കാൻ നിങ്ങരംക്കു കഴിയും.' എന്ന് അദ്ദേഹം ഉറപ്പിച്ചുപറഞ്ഞു

നിഷേധംകൊണ്ട് ഫലമില്ലെന്നു കണ്ടപ്പോരം, ആലോചിച്ചു തീരുമാനം പിന്നീട് അറിയിക്കാമെന്നു ഞാൻ അറിയിച്ചു. തൻെറ മററു സുഹൃത്തുക്കളുടെ അടുത്തേക്ക് ഉടൻ എന്നെ കൂട്ടിക്കൊണ്ടുപോകാനായി, അപ്പോരം ഭയങ്കരാചാര്യയുടെ ശ്രമം. ഞങ്ങരം രണ്ടുപേരുംകൂടി പുറത്തേക്കിറങ്ങി. ട്രാമിലോ ബസ്സിലോ സഞ്ചരിക്കുന്നതു് സുരക്ഷിതമായിരിക്കില്ലെന്നും, ഒരു റിക്ഷയിൽ കയറി മുൻവശത്തെ തുണി താഴ്ത്തിയിട്ട് സഞ്ചരിക്കാമെന്നും ഭയങ്കരാചാര്യ നിർദേശിച്ചു. അദ്ദേഹത്തെ അപ്പോഴും പോലീസുകാർ വേട്ടയാടുകയാണത്രേ!

സന്ധ്യാസമയത്തെ തിരക്കു നിറഞ്ഞ മദ്രാസ് നഗരത്തിലെ റോഡുകളിലൂടെ, മുൻവശം മൂടിയ ഒരു പഴഞ്ചൻ റിക്ഷയിൽ, താൻ പോലീസിൻെറ ഒരു നോട്ടപ്പുള്ളിയാണെന്ന് സ്വയം പ്രഖ്യാപിച്ച ഒരു വ്യക്തിയോടൊപ്പമുള്ള ആ യാത്രയുടെ സ്മരണ, ഇത്രയും വർഷങ്ങരംക്കു ശേഷവും, എൻെറ മനസ്സിൽ സാഹസത്തിൻെറയും ഭയത്തിൻെറയും അനുഭവം ഉളവാക്കുന്നുണ്ട്. ഞങ്ങരം മാമ്പലത്തെത്തി റിക്ഷയിൽനിന്നിറങ്ങി. ഭയങ്കരാചാര്യയുടെ സുഹൃത്തു് അദ്ദേഹത്തിൻെറ വാസസ്ഥലത്തുണ്ടായിരുന്നില്ല. അദ്ദേഹവുമായി ആലോചിച്ച് പരിപാടിക്ക് അവസാനരൂപം നൽകിയ ശേഷം എന്നെ വിവരം അറിയിക്കാമെന്നു പറഞ്ഞ് ഭയങ്കരാചാര്യ പിരിഞ്ഞുപോയി.

അതിനു ശേഷം ഈ സുഹൃത്തിനെ ഞാൻ കണ്ടിട്ടില്ല. അദ്ദേഹത്തെപ്പററി തെലുങ്കരായ പല സുഹൃത്തുക്കളോടും ഞാൻ അന്വേഷിച്ചിട്ടുണ്ട്. ഇൻഷൂറൻസിൽ എന്തോ ജോലിനോക്കുകയാണ് അദ്ദേഹമെന്ന് ഒരിക്കൽ കേട്ടിരുന്നു. സാമ്പത്തികമായി വളരെ ക്ലേശങ്ങരം അദ്ദേഹം അനുഭവിക്കു

ന്നുണ്ടെന്നായിരുന്നു പിന്നെയൊരിക്കൽ അറിവായതു്. ഏതായാലും ശരിക്കുള്ള അദ്ദേഹത്തിൻെറ മേൽവിലാസം അറിയാൻ കഴിഞ്ഞില്ല. അതിനാൽ, ആഗ്രഹമുണ്ടായിട്ടും, അദ്ദേഹത്തിനു് ഒരു കത്തെഴുതാനും സാധിച്ചില്ല.

ഇപ്പോഴാകട്ടെ, ഏതു തപാൽശിപായിക്കും എത്താവുന്ന സ്ഥലത്തിനപ്പുറത്തേക്കു് അദ്ദേഹം പോയിക്കഴിഞ്ഞു.

ധീരനും സാഹസികനുമായ ഈ സ്വാതന്ത്ര്യഭടനു് ഈ വിനീത സുഹൃത്തിൻെറ ചരമാഭിവാദ്യങ്ങൾ!

# 81. വക്കം അബ്ദുൽഖാദർ

1942—ൽ, ഒക്ടോബറിലോ നവംബറിലോ, ഒരു ദിവസം രാവിലെ ഏതാണ്ടു് 11 മണിക്കു്, കോഴിക്കോട്ടു നഗരത്തിൽ വയനാടു് റോഡിലൂടെ ശ്രീ എസ്. കെ. പൊറ്റെക്കാട്ടൊരുമിച്ചു് ഞാൻ നടക്കുകയായിരുന്നു. മൃഗാസ്പത്രിയുടെ അടുത്തു ചെന്നപ്പോൾ ശ്രീ പൊററക്കാട്ടു് വലത്തു വശത്തുള്ള ചെമ്മൺപാതയിലേക്കു തിരിഞ്ഞു. 'നമുക്കു് മാപ്പിള റെവ്യൂവിലൊന്നു കയറുക' എന്നദ്ദേഹം പറഞ്ഞു. വഴിയുടെ വലത്തുഭാഗത്തുള്ള ചെറിയ ഇരുനിലപ്പീടികയുടെ മുകളിലുള്ള ഒററമുറിയാണു് 'മാപ്പിള റെവ്യൂ' എന്ന മാസികയുടെ ആപ്പീസ്. കുത്തനെയുള്ള കോണി കയറി ഞങ്ങൾ ചെന്നപ്പോൾ അവിടെ ഒരാളേ ഉണ്ടായിരുന്നുള്ളു. 'അബ്ദുൾ ഖാദറെ എൻ. വി. അറിയില്ലേ?' എന്നു് എസ്. കെ. ഞങ്ങളെ പരസ്പരം പരിചയപ്പെടുത്തി. 'വ—വ—വ—വരൂ!' എന്നു് ഒരു ചെറിയ വിക്കലോടെ അബ്ദുൾ ഖാദർ ഞങ്ങളെ സ്വാഗതം ചെയ്തു.

അബ്ദുൾ ഖാദറിൻെറ ലേഖനങ്ങൾ അക്കാലത്തു്, അതിനു മുമ്പും, മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ധാരാളമായി പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നു. സമകാല പാശ്ചാത്യചിന്തകരുമായി ഞങ്ങളിൽ പലരും ആദ്യമായി പരിചയപ്പെട്ടതു് ഈ ലേഖനങ്ങളിലൂടെയാണു്. വെത്സ്, ഷാ, ജോഡ്, ബെർഗ്സോൺ, റസ്സൽ തുടങ്ങിയ പ്രശസ്തന്മാരുടെ കൃതികളിൽനിന്നുള്ള ഉദ്ധാരണങ്ങളുടെ മാലകളായിരുന്നു ഈ ലേഖനങ്ങളിൽ മിക്കതും. ഉദ്ധാരണങ്ങളുടെ സമൃദ്ധി നിമിത്തം ഈ ലേഖനങ്ങൾ എളുപ്പത്തിൽ ഓടിച്ചു വായിച്ചു പോകാവുന്നവയായിരുന്നില്ല. പല തവണ വായിച്ചു്, ചിന്തിച്ചു് ഉൾക്കൊള്ളേണ്ടവയായിരുന്നഅവ. അത്ര അധ്വാനിക്കാൻ തയ്യാറല്ലാത്ത ചിലർ ബുഭുക്ഷുവായ ഒരു വായനക്കാരൻെറ മാനസികാജീർണതയെ പ്രതിഫലിപ്പിക്കുന്നവയായി ആ ലേഖനങ്ങളെ അന്നു് ചിത്രീകരിച്ചിരുന്നു. എന്നാൽ, ആലോചിക്കാൻ തയ്യാറായവർക്കു് അവ ധാരാളമായി പുതിയ വെളിച്ചം പകർന്നു നൽകി. പുസ്തകങ്ങൾ, പ്രത്യേകിച്ചും വിജ്ഞാനപ്രധാനങ്ങളായവ, ഇന്നത്തെപ്പോലെ സുലഭങ്ങളായിരുന്നില്ല അന്നു് എന്നോർക്കണം. പേപ്പർബാക്കുകൾ അല്പാല്പമായി പ്രത്യക്ഷപ്പെടാൻ തുടങ്ങിയിട്ടേ ഉണ്ടായിരുന്നുള്ളു. മുമ്പു് പേർ പറഞ്ഞവരെപ്പോലുള്ള ചിന്തകരുടെ കൃതികൾ വിലകൂടിയ, കട്ടിബയൻഡുള്ള പുസ്തകങ്ങളായേ പുറത്തു വന്നിരുന്നുള്ളു. മലബാർ പ്രദേശത്തു് ആകെ നോക്കിയാൽ കോഴിക്കോടു് മുനിസിപ്പൽ ലൈബ്രറിയിൽ മാത്രമായിരുന്നു ഇത്തരം പുസ്തകങ്ങൾ അന്നു ലഭിച്ചിരുന്നതു്. മേശപ്പുറത്തുള്ള തടിയൻ പുസ്തകങ്ങൾ ചൂണ്ടി ശ്രീ പൊറ്റെക്കാട്ടു് പറഞ്ഞു: 'അബ്ദുൾ ഖാദർ മാത്രമേ ഇതൊക്കെ വായിക്കാറുള്ളു.'